# Deepika

# 23 August 2018

# Kochi: After flood



## കൊച്ചുമിടുക്കിയുടെ വലിയ മനസ്

**ആമ്പല്ലൂർ:** ദുരിതാശ്വാസ ക്യാമ്പിലേക്ക് തന്റെ സഹായവുമായി കൊച്ചു കുരുന്ന്. രണ്ടാം ക്ലാസുകാരി ശ്രീനന്ദ ശ്രീജിത്താണ് കീച്ചേരി ഗവ. യുപി സ്കൂളിലെ ക്യാമ്പിൽ സഹായവുമായെത്തിയത്. വിനോദയാത്രയ്ക്കായി കഴിഞ്ഞ ഒരു വർഷമായി സ്വരൂപിച്ച പണം കൊണ്ടാണ് ക്യാമ്പിലേക്ക് ബിസ്കറ്റ്, ബ്രഡ്, പഴവർഗങ്ങൾ, തുണിത്തരങ്ങൾ എന്നിവയുമായി ഈ കൊച്ചുമിടുക്കിയെത്തിയത്.

കൈപ്പട്ടൂരിൽ താമസിക്കുന്ന രാമമംഗലം സ്വദേശി പുളിക്കാംപുറത്ത് ശ്രീജിത്തിന്റെയും ഹർഷ ശ്രീജിത്തിന്റെയും മകളായ ശ്രീനന്ദ വെള്ളൂർ ഭാവൻസ് വിദ്യാമന്ദിരിലാണ് പഠിക്കുന്നത്. മുത്തശ്ശൻ രാമചന്ദ്രൻ,അമ്മ ഹർഷ, ബന്ധുക്കൾ എന്നിവരോട് കൂടിയാണ് ശ്രീനന്ദ ക്യാംപിലെത്തിയത്. ടിവിയിലും മറ്റും ദുരന്ത ദൃശ്യങ്ങൾ കണ്ട കുട്ടി സ്വയം സഹായ സന്നദ്ധത അറിയിക്കുകയായിരുന്നുവെന്ന് മുത്തശ്ശൻ പറഞ്ഞു.

ശ്രീനന്ദ കീച്ചേരി ഗവ. യുപി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ.